**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4024** **18.10.2011-ൽ മറുപടിക്കുള്ളത്**

**ഹോപ്സ് പ്ലാന്റേഷൻ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.അച്ചുതൻ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.എം. പി.വിൻസെന്റ്.** | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**(റവന്യൂ വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ ഹോപ്സ് പ്ലാന്റേഷൻ വക എസ്റ്റേറ്റിൽ സർക്കാർ മിച്ചഭൂമി ഉണ്ടോ; എങ്കിൽ എത്ര; പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ്; ഭൂമിയുടെ സ്ഥിതി എന്താണ്; | (എ) | ഉണ്ട്.<br>പീരുമേട് താലൂക്ക് ലാന്റ് ബോർഡിന്റെ 20.07.80-ലെ സി5-10975/78 നമ്പർ ഉത്തരവ് പ്രകാരം 267.16 ഏക്കർ ഏറ്റെടുക്കാൻ ഉത്തരവായി. ഇതിൽ 195.20 ഏക്കർ സ്ഥലം 08.09.78, 30.09.78, 28.04.80 എന്നീ തീയതികളിൽ ഏറ്റെടുത്തു. പാറ പുറമ്പോക്കായ 71.96 ഏക്കർ സ്ഥലത്ത് അനധികൃത കയ്യേറ്റം ഉള്ളതാണ്. ഏറ്റെടുത്ത 195.20 ഏക്കറിൽ 8.75 ഏക്കർ വിതരണം ചെയ്തിട്ടുണ്ട്. 34.44 ഏക്കർ പ്രൈവറ്റ് ഫോറസ്റ്റ് ആണ്. 152.01 ഏക്കർ എസ്റ്റേറ്റുകാരുമായി കേസ് നിലനിൽക്കുന്ന-താണ്. |
| (ബി) | ഇല്ലെങ്കിൽ ഏറ്റെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഭൂമി ഏറ്റെടുക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത ഭൂമിയിൽ നിന്നും എസ്റ്റേറ്റ് മാനേജ്മെന്റ് മരങ്ങൾ മുറിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; | (ബി) | പീരുമേട് താലൂക്ക് ലാന്റ് ബോർഡിന്റെ 26.07.80-ലെ സി5-10975/78 നമ്പർ നടപടിക്രമം പ്രകാരം ഹോപ്പ് പ്ലാന്റേഷൻസ് പക്കൽ നിന്നും 267.16 ഏക്കർ മിച്ചഭൂമിയായി ഏറ്റെടുക്കാൻ ഉത്തരവായി. സുപ്രീം കോടതിയുടെ 02.05.79-ലെ സിഎ-227/78 നമ്പർ ഉത്തരവിന് വിരുദ്ധമായിട്ടാണ് താലൂക്ക് ലാന്റ് ബോർഡ് പുതുക്കിയ ഉത്തരവിറക്കിയത്. ആകയാൽ താലൂക്ക് ലാന്റ് ബോർഡിന്റെ 26.07.1980-ലെ ഉത്തരവിനെതിരെ സർക്കാർ |

ബഹു. ഹൈക്കോടതിയിൽ സി.ആർ.പി.2034/81 നമ്പർ കേസ് ഫയൽ ചെയ്യതിനെ തുടർന്നുള്ള 06.11.84-ലെ വിധിയിൽ താലൂക്ക് ലാന്റ് ബോർഡ് ഉത്തരവ് റദ്ദ് ചെയ്യുകയുണ്ടായി. ഹൈക്കോടതിയുടെ ടി വിധിക്കെതിരെ കമ്പനി സുപ്രീംകോടതിയിൽ സി.എ-540/86 നമ്പർ കേസ് ഫയൽ ചെയ്യതിനെ തുടർന്നുള്ള 03.11.98-ലെ വിധിയിൽ, ബഹു. ഹൈക്കോടതിയുടെ വിധി റദ്ദാക്കുകയും കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 81(3) പ്രകാരമുള്ള കമ്പനിയുടെ അപേക്ഷയിന്മേൽ നിയമപ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് ഉത്തരവാകുകയും, അതുവരെ സ്റ്റേ നിലനിൽക്കുന്നതാണെന്നും വ്യക്തമാക്കി-യിരുന്നു.

സുപ്രീംകോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സെക്ഷൻ 81(3) പ്രകാരം ഭൂമി ഒഴിവാക്കണമെന്ന കക്ഷിയുടെ അപേക്ഷ റദ്ദ് ചെയ്യുകയും, താലൂക്ക് ലാന്റ് ബോർഡ് ഒഴിവാക്കിയ 263.83 ഏക്കർ സംബന്ധിച്ച് തിരുമാനമെടുക്കാനും 17.02.04-ലെ ജി.ഒ.(എം.എസ്)369/2004/ആർ.ഡി നമ്പർ പ്രകാരം സർക്കാർ ഉത്തരവായി.

സർക്കാരിന്റെ ടി ഉത്തരവിനെതിരെ ഹോപ്പ് പ്ലാന്റേഷൻ ഹൈക്കോടതിയിൽ ഡബ്ല്യ.പി.(സി) 1795/05 ഫയൽ ചെയ്യതിനെ തുടർന്ന് പരാതിക്കാരനെ വിചാരണ നടത്തി 03.08.2010-ൽ ജി.ഒ.(എം.എസ്) നമ്പർ 321/2010/ആർ.ഡി. നമ്പരായി സർക്കാർ ഉത്തരവിറക്കി. ടി ഉത്തരവ് പ്രകാരം 263.83 ഏക്കർ സംബന്ധിച്ചുള്ള സുപ്രീം കോടതിയുടെ തിരുമാനം അന്തിമമാണെന്നും, കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 81(3) പ്രകാരം കമ്പനി 860.18 ഏക്കർ സംബന്ധിച്ച് ഒഴിവാക്കലിന് സമർപ്പിച്ച അപേക്ഷ തള്ളിക്കളഞ്ഞ്, ഭൂമി ഏറ്റെടുക്കുവാനും ഉത്തരവായി.

ടി ഭൂമിയിൽ നിന്നും എസ്റ്റേറ്റ് മാനേജ്മെന്റ് മരം മുറിച്ച് നീക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് നിർത്തി വെക്കുന്നതിന് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ